ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

**നമ്പർ. DTETVM/192/2025-EA2 (EA)** **തീയതി: 08-01-2025**

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനകാലത്ത് പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 06.01.2025 ലെ സർക്കാർ കത്ത് നമ്പർ: പി1/4/2025/ഉവിവ.

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2025 ജനുവരി 17 മുതൽ മാർച്ച് 28 വരെ നിശ്ചയിച്ചിരിക്കുന്ന വിവരം സൂചന പ്രകാരം അറിയിച്ചിരിക്കുന്നു. സമ്മേളന ദിവസങ്ങളിൽ സഭാ ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ (നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്ക് വിശദീകരണക്കുറിപ്പ് സഹിതം) സമയബന്ധിതമായി ലഭ്യമാക്കേണ്ട ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം സ്ഥാപനമേധാവികൾ ഉറപ്പാക്കേണ്ടതാണ്. ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർ മുൻകൂർ അനുമതിയോടെ അവധിയിൽ പ്രവേശിച്ചാൽ ഉടൻ ഇതിലേക്ക് പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. അപൂർണ്ണവും, അവ്യക്തവും, തെറ്റായതുമായ വിവരങ്ങൾക്കും, മറുപടി നൽകുന്നതിലുള്ള കാലതാമസത്തിനും സ്ഥാപന മേധാവിയും, ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടും, ക്ലാർക്കും ഉത്തരവാദിയായിരിക്കുന്നതാണ്. സ്ഥാപന മേധാവികൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി വിവരങ്ങൾ തയ്യാറാക്കി അയക്കുമ്പോൾ, വിഷയം ആയി ചോദ്യ നമ്പർ ഉൾപ്പെടുത്തി **eadtekerala@gmail.com** എന്ന ഇ - മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. (മറുപടിയുടെ ഹാർഡ്കോപ്പി ഈ കാര്യാലയത്തിലേക്ക് അയക്കേണ്ടതില്ല).

Signed by
Shalij P R
Date: 08-01-2025 20:41:38

**SHALIJ P R**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

2 . സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി